**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5201** **02-11-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ നൈപുണ്യം ആർജ്ജിക്കുന്നതിനും ബഹുഭാഷാ പഠനത്തിന് അവസരമൊരുക്കുന്നതിലേക്കുമായി സർക്കാരിന് കീഴിൽ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, സൈബർ സെക്യൂരിറ്റി, ഡ്രോൺ ടെക്നോളജി, ഗ്രാഫിക്സ് ഡിസൈനർ, ഡിപ്ലോമ ഇൻ ബാങ്കിങ് & ഫിനാൻസ്, വിദേശ ഭാഷകൾ തുടങ്ങിയ 75 ഓളം കോഴ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും നൽകി വരുന്നു. പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടു കൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ മൂലം പഠിതാക്കളിൽ ഹയർ ഓർഡർ ഇൻഡസ്ട്രി റിലവന്റ് സ്കിൽസ് (Higher Order Industry Relevant Skills) നൽകി അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. വിവിധ അന്തർദേശീയ ഭാഷാ സർട്ടിഫിക്കേഷൻ ഏജൻസികളുമായി സഹകരിച്ച് ചുവടെ ചേർത്തിരിക്കുന്ന ഭാഷകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു. (I) German Level A1 – Partner : Goethe - Zentrum (II) French Level A1 – Partner : Alliance Francaise de Trivandrum (III) Japanese Level N5 – Partner : Alumni Society of AOTS center (IV) Communicative English Trainer – NSDC Certification. കൂടാതെ അറബിക് ഭാഷയ്ക്കായി കാലിക്കറ്റ് യൂണിവേഴ്സിറ്റി അറബിക് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ചു അറബിക് കോഴ്സുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി സംസ്ഥാനത്ത് പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സ്കൂൾ, കോളേജുകളിലായി 121 സെന്ററുകളും (17 എണ്ണം സർക്കാർ കോളേജുകളിലും 104 എണ്ണം സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലും), പൊതുജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും അസാപ് പ്രൊജക്റ്റിൽ സ്ഥാപിച്ചിട്ടുണ്ട്. 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിർമ്മാണം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാത്തതിനാൽ Transit campus-ൽ പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലായി മേല്പറഞ്ഞ കോഴ്സുകളും വിദേശ ഭാഷ പരിശീലനവും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ